LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, വില്ലേജ് ഓഫീസറുടെയോ/ പോലീസ് ഉദ്യോഗസ്ഥരുടെയോ അന്വേഷണത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, രേഖകളുടെ പുനർസൃഷ്ടി നടത്തി ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ യാതൊരു രേഖയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ടശേഷം തദ്ദേശ രജിസ്ട്രാർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതും, അതോടൊപ്പം ബന്ധപ്പെട്ട വർഷത്തെ ജനന-മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രവും കൂടി തദ്ദേശ രജിസ്ട്രാർ അനുവദിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ.-യുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട രജിസ്ട്രാർക്ക് രജിസ്ട്രേഷൻ നടത്താവുന്നതുമാണ്.

സൗജന്യ വൈഫൈ സംവിധാനം

321 (1764) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ സൗജന്യ വൈഫൈ സംവിധാനം ഏർപ്പെടുത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) അഭിനന്ദനാർഹമായ ഈ നടപടി സ്വീകരിച്ച സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയിലെ പ്രസ്തുത പഞ്ചായത്തിന് ഗവൺമെന്റ് എന്തെങ്കിലും പാരിതോഷികമോ പ്രോത്സാഹനമോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) സംസ്ഥാനത്ത് മറ്റേതെങ്കിലും പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ എവിടെയെങ്കിലും ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പുരോഗമനപരമായ ആശയം നടപ്പാക്കിയ പ്രസ്തുത പഞ്ചായത്തിന് പ്രത്യേക പാരിതോഷികം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് മറ്റൊരു പഞ്ചായത്തിലും ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മലപ്പുറം, കാസർഗോഡ് നഗരസഭകളിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രത്യേക പാരിതോഷികം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.